**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 160** **29-01-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് കസ്റ്റഡിയിലെ വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ കേസുകളുമായി ബന്ധപ്പെട്ട് പോലീസ് കസ്റ്റഡിയിലെടുത്ത്, സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളുടെ പരിസരത്തുള്ള പൊതു നിരത്തുകളുടെ അരികിൽ വർഷങ്ങളായി സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾക്ക് ചുറ്റും കാട് പിടിച്ചുകിടക്കുന്നത് വഴിയാത്രക്കാർക്കുൾപ്പെടെ അപകടങ്ങൾ ഉണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്റ്റേഷൻ പരിസരത്തു വാഹനങ്ങൾ സൂക്ഷിക്കുന്നതുമൂലം വഴിയാത്രക്കാർക്കുൾപ്പെടെ അപകടങ്ങൾ ഉണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ ഉൾപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങളിൽ അവകാശികൾ ഇല്ലാത്തവ ലേലം ചെയ്യാൻ പോലീസ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. മറ്റ് കേസിലുൾപ്പെട്ടവ കോടതിയുടെ അനുമതിയോടെ വിട്ടു നൽകാനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ